മയക്കുമരുന്നു വിരുദ്ധ പ്രവർത്തനം

94 [1794] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നിനെതിരെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്രസർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ;

(ബി) പ്രസ്തുത ഗ്രാന്റ് അനുവദിച്ചിരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ശുപാർശ പ്രകാരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) മയക്കു മരുന്നിനെതിരെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായമാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) മദ്യത്തിനും മയക്കുമരുന്നിനും എതിരെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന ഡ്രഗ് അവയർനസ് കൗൺസിലിംഗ് സെൻറിന് 5,55,500 രൂപവരെയും 15 കിടക്കകൾ ഉള്ള ഡി-അഡിക്ഷൻ സെൻറിന് 7,73,640 രൂപവരെയും 30 കിടക്കകൾ ഉള്ള ഡി-അഡിക്ഷൻ സെൻറിന് 11,23, 200 രൂപ വരെയും വ്യവസായ തൊഴിലാളികൾക്കായി നടത്തുന്ന ഡി-അഡിക്ഷൻ സെൻറർ അവയർനസ് ക്യാമ്പുകൾക്ക് 7,58,000 രൂപവരെയും കേന്ദ്രസർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. ചോദ്യത്തിനുള്ള ഉത്തരത്തിലെ തിരുത്ത്

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞച്ചൻ): 17-7-1995-ൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2347-ന് നൽകിയ മറുപടിയിൽ പിശക് പറ്റിയിരുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തുവയ്ക്കുന്നു.† 9.30 a.m.]

III. ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 7-ാം ഉപചട്ടപ്രകാരം ഗവർണ്ണറുടെ സന്ദേശം ഞാൻ സഭയെ അറിയിക്കുന്നു. "I thank the Legislative Assembly for the motion of thanks which the 15th Session of the 9th Kerala Legislative Assembly has adopted on March 7, 1996 on my address to the Assembly on February 29, 1996."

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly